പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 3277 16.12. 2015- ലെ മറുപടി

**നിതാഖത്ത് - തിരിച്ചുവന്നവർക്ക് നൽകുന്ന ആനുകൂല്യം**

ചോദ്യം

ശ്രീ.റ്റി.എ.അഹ്മ്മദ് കബീർ

എ) നിതാഖത്ത് നിയമം മൂലം വിദേശ ജോലി നഷ്ടപ്പെട്ട് തിരിച്ചു വന്നവരെ പുനരധിവസിപ്പിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

ശ്രീ. കെ. സി. ജോസഫ്
*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)*

എ) 2013 ഏപ്രിൽ 1 മുതൽ സൗദി അറേബ്യയിൽ നിതാഖത്ത് നിയമം കർശനമാക്കിയതിനെ തുടർന്ന് തിരികെ എത്തുന്നവരുടെ വിവരശേഖരണത്തിനായി കേരളത്തിലെ എയർപ്പോർട്ടുകളിൽ ഹെൽപ്പ് ഡെസ്കുകളും കൂടാതെ ഓൺലൈൻ സംവിധാനവും ഏർപ്പെടുത്തിയിരുന്നു. ഇവയിലൂടെ 22634 പേർ സൗദി അറേബ്യയിൽ നിന്നും തിരികെ എത്തിയതായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ തിരികെയെത്തി രജിസ്റ്റർ ചെയ്ത പ്രവാസി മലയാളികളോട് സ്വയം തൊഴിൽ വായ്പ പദ്ധതിയായ NDPREM പദ്ധതിയുടെ ആനുകൂല്യങ്ങൾ ആവശ്യമെങ്കിൽ അധിക വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നു. 5783 പേർ അധിക വിവരങ്ങൾ ലഭ്യമാക്കിയതിൽ സ്ക്രീനിംഗിലൂടെ 2841 പേർ ഈ പദ്ധതിയുമായി സഹകരിക്കുന്ന ബാങ്കുകളുടെ നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യത്തിന് അർഹരാണെന്ന് കണ്ടെത്തി. ബാങ്കുകളുമായുള്ള ധാരണാപത്രം 31/03/2015- ൽ അവസാനിക്കുകയും 2015 നവംബർ 23 – ന് അത്

| | |
|---|---|
| | പുതുക്കി ഒപ്പ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. വായ്പാ ശുപാർശകൾക്ക് അർഹരാണെന്ന് കണ്ടെത്തിയ 2841 പേർ ലഭ്യമാക്കിയ വിവരങ്ങൾ വായ്പ അനുവദിക്കുന്നതിനായി ബാങ്കുകൾ നിർദ്ദേശിക്കുന്ന ബ്രാഞ്ചുകളിലേക്ക് അയക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| ബി)ഇവർക്കായി പുതുതായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ? | ബി) ഇല്ല. |
| സി)എങ്കിൽ പ്രസ്തുത പദ്ധതികളെക്കുറിച്ച് വ്യക്തമാക്കാമോ ? | സി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ

8